കേരളകൗമുദി
21 മാർച്ച് 2017 ചൊവ്വ

ഗുരുമാർഗം



പുരുഷത്വത്തിന്റെ പേരിൽ ആ അഹങ്കാരം വീണ്ടും പ്രത്യക്ഷപ്പെട്ടാലും അല്ലയോ വേലായുധ അങ്ങയുടെ നാമമന്ത്രം വിട്ടുപോയാൽ പിന്നെ രക്ഷയില്ല എന്ന ചിന്തിച്ചു മനസലിഞ്ഞുനിൽക്കുമെങ്കിൽ ആ അഹങ്കാരത്തിന് സമാധാനപ്പെടാൻ വഴിയുണ്ട്.

ഒരു ജാതി ഒരു മതം ഒരു ദൈവം

മൂലം 13 - 20
അഷ്ടമി 10 - 06
1938 ഫാൽഗുനം 30
1438 ജമാദുൽ ആഖിർ 22
1192 മീനം 07

നിറുത്തുന്നതാണ് നല്ലത്

പതിറ്റാണ്ടുകളായി പണിതിട്ടും ഒരു കരയിലുമെത്താത്ത ചില പദ്ധതികളുണ്ട്. പൊതു ഖജനാവിനു ഭാരമാകുന്നതു മാത്രമല്ല ഇത്തരം പദ്ധതികളുടെ ദോഷവശം. പദ്ധതികൊണ്ട് ഉദ്ദേശിച്ച ഫലം ജനങ്ങൾക്കു ലഭ്യമാകുന്നില്ലെന്നതാണ് വലിയ പ്രശ്നം. ഇത്തരത്തിൽ ജനങ്ങൾക്ക് പ്രയോജനം നൽകാത്ത ചില ജലസേചന പദ്ധതികൾ ഇപ്പോൾ പൂർത്തിയായ ഘട്ടത്തിൽ വച്ച് അവസാനിപ്പിക്കാൻ സർക്കാർ തീരുമാനമെടുത്തിരിക്കുകയാണ്. വിമർശനങ്ങളും പ്രതിഷേധവുമൊക്കെ ഉണ്ടായേക്കാമെങ്കിലും ഉചിതമായ തീരുമാനമാണിതെന്ന് പറയാതെ വയ്യ. ഇത്തരം പദ്ധതികളുടെ തണലിൽ കീശ വീർപ്പിക്കുന്നതിൽ മാത്രം തത്പരരായ ഉദ്യോഗസ്ഥന്മാർക്കും കരാറുകാർക്കും മാത്രമേ സർക്കാർ തീരുമാനത്തോടു വിയോജിപ്പുണ്ടാവുകയുള്ളൂ.

മലകൾ തുരന്ന് കിലോമീറ്റർ ദൈർഘ്യത്തിൽ തുരങ്കപ്പാതകളും ആർത്തലയ്ക്കുന്ന കടലിനു മുകളിലൂടെ ദീർഘമായ പാലങ്ങളും ദിവസേന പത്തുപതിനഞ്ചു കിലോമീറ്റർ എന്ന തോതിൽ പുതിയ ഹൈവേകളും നിർമ്മിച്ച് വിസ്മയങ്ങൾ തീർക്കുന്ന ഇക്കാലത്ത് ജലസേചനാവശ്യങ്ങൾക്ക് വേണ്ടിയുള്ള ചെറുകിട സംഭരണികളും അനുബന്ധ കനാലുകളും നിർമ്മിക്കുകയെന്നത് അത്ര ഭാരിച്ച കാര്യമൊന്നുമല്ല. മുപ്പതും നാല്പതും വർഷമെടുത്തിട്ടും അവ പൂർത്തിയാക്കാൻ കഴിയുന്നില്ലെന്നതാണ് അതിശയകരമായ കാര്യം.

പ്രധാനമായും നാല് ജലസേചന പദ്ധതികളാണ് കുളയട്ടകൾ കണക്കെ ഊറ്റിക്കുടിച്ചുകൊണ്ടിരിക്കുന്നത്. കാരാപ്പുഴ, മൂവാറ്റുപുഴ വാലി, ഇടമലയാർ, ബാണാസുര സാഗർ എന്നിവ ഗിന്നസ് ബുക്കിൽ കയറാൻ പാകത്തിൽ നിൽക്കുകയാണ്. നാലര പതിറ്റാണ്ടുകൾക്ക് മുൻപ് തുടങ്ങിയ പദ്ധതികൾ ഇതിനകം തിന്നുതീർത്ത പണമുണ്ടായിരുന്നെങ്കിൽ സംസ്ഥാനത്തെ കാർഷികോത്പാദനം ഇപ്പോഴത്തേതിന്റെ പതിന്മടങ്ങായി വർദ്ധിപ്പിക്കാനാകുമായിരുന്നു. മേലിൽ വൻകിട ജലസേചന പദ്ധതികൾ ഏറ്റെടുക്കേണ്ടതില്ലെന്ന നിലപാടിലാണ് ജലവിഭവ വകുപ്പ്. വൻപദ്ധതികളെ ആശ്രയിക്കാതെ കാർഷികാവശ്യങ്ങൾക്ക് ചെറുകിട പദ്ധതികൾ നടപ്പാക്കാനാണ് ആലോചന. തടയണകളും റഗുലേറ്ററുകളും നിർമ്മിച്ച് ജല സംരക്ഷണം ഉറപ്പാക്കാൻ കഴിയും. നിലവിലുള്ള പദ്ധതികൾ പരമാവധി പ്രയോജനപ്പെടുത്താനും നടപടികളെടുക്കും. ജലസംരക്ഷണത്തിൽ ആത്മഹത്യാപരമായ ഉപേക്ഷ കാണിച്ചുവന്ന സംസ്ഥാനത്തിന് ഇപ്പോഴത്തെ കൊടിയ വറുതി ഒട്ടേറെ പാഠങ്ങൾ നൽകുന്നുണ്ട്. മഴവെള്ളം പരമാവധി സൂക്ഷിച്ചു നിലനിറുത്തേണ്ടത് അനിവാര്യമാണെന്ന ബോധം ജനങ്ങളിലും ഉണ്ടായിത്തുടങ്ങിയിട്ടുണ്ട്. ജലസംരക്ഷണം സമൂഹത്തിന്റെ സജീവ ചർച്ചാ വിഷയമായിട്ടുണ്ട്.

ചുരുങ്ങിയ കാലം കൊണ്ട് പൂർത്തിയാക്കാൻ കഴിയുന്ന പദ്ധതികൾ പോലും വർഷങ്ങൾ കഴിഞ്ഞാലും പാതിവഴിയിൽ കിടക്കുന്നതാണ് സംസ്ഥാനം നേരിടുന്ന വലിയ വെല്ലുവിളി. നിശ്ചിത കാലാവധിക്കുള്ളിൽ പൂർത്തിയായ ഒരൊറ്റ ജലസേചന പദ്ധതി പോലും ഉണ്ടായിട്ടില്ല. എത്രകാലം നീണ്ടു പോകുന്നോ അത്രയധികമാണ് അതിലൂടെ ഉദ്യോഗസ്ഥന്മാരും കരാറുകാരും ലാഭം കൊയ്യുന്നത്. 1978ൽ ഭരണാനുമതി ലഭിച്ച കാരാപ്പുഴ പദ്ധതിയുടെ കാര്യം തന്നെ എടുക്കാം. വെറും ഏഴരക്കോടി രൂപ നിർമ്മാണ ചെലവ് കണക്കാക്കി തുടക്കമിട്ട ഈ പദ്ധതിക്ക് ഇതുവരെ 323 കോടി രൂപ ചെലവിട്ടു കഴിഞ്ഞു. പണി ഇനിയും ബാക്കിയാണ്. വയനാട്ടിലെ മൂന്നു താലൂക്കുകളിലായി 5221 ഹെക്ടർ നിലങ്ങളിൽ രണ്ടാം കൃഷിക്ക് വെള്ളമെത്തിക്കാൻ ലക്ഷ്യമിട്ട പദ്ധതി ഇതിനകം വെള്ളം നൽകിയത് വെറും 600 ഹെക്ടറിലാണ്. ഏറ്റവും ഒടുവിൽ ഭേദഗതി വരുത്തിയ അടങ്കൽ പ്രകാരം പദ്ധതി പൂർത്തിയാക്കാൻ 120 കോടി കൂടി വേണം. മൂവാറ്റുപുഴ, ഇടമലയാർ, ബാണാസുര സാഗർ എന്നിവയുടെ കാര്യവും ഇതുപോലൊക്കെ തന്നെയാണ്. 1974 ൽ 21 കോടി രൂപയുടെ എസ്റ്റിമേറ്റിൽ ആരംഭിച്ച മൂവാറ്റുപുഴ ജലസേചന പദ്ധതി ഇതിനകം 918 കോടി രൂപ തിന്നുതീർത്തു. ഇനിയും കോടികൾ ഉണ്ടെങ്കിലേ പണി പൂർത്തിയാവുകയുള്ളൂ. 426 കോടിയോളം രൂപ ചെലവിട്ടു കഴിഞ്ഞ ഇടമലയാർ പദ്ധതി ആരംഭിച്ചത് 1981 ലാണ്. 14394 ഹെക്ടർ പ്രദേശത്ത് വെള്ളം എത്തിക്കുകയായിരുന്നു ലക്ഷ്യം. നാലുവർഷം മുൻപ് പദ്ധതി ചെലവ് 750 കോടി രൂപയായി പുതുക്കി നിശ്ചയിച്ചു. പണിയാകട്ടെ ഇനിയും ശേഷിക്കുകയാണ്. വയനാട്ടിൽത്തന്നെ 2800 ഹെക്ടർ കൃഷി ഭൂമിയിൽ വേനലിലും വെള്ളം എത്തിക്കാൻ വേണ്ടി 1979ൽ പണി ആരംഭിച്ച ബാണാസുര സാഗർ പദ്ധതി എന്നേ തീരേണ്ടതായിരുന്നു. എട്ടുകോടി രൂപ ചെലവു കണക്കാക്കി തുടങ്ങിയ പദ്ധതിയുടെ പുതുക്കിയ എസ്റ്റിമേറ്റ് 185 കോടി രൂപയാണ്. 53 കോടി രൂപയേ ഇതുവരെ ചെലവഴിച്ചുള്ളൂ എന്ന ആശ്വാസമുണ്ട്. ലക്ഷ്യത്തിലെത്താൻ ഇനിയും കുറെ ദൂരമുണ്ട്.

അഴിമതിയുടെയും കെടുകാര്യസ്ഥതയുടെയും വിളനിലങ്ങളാണ് ഇത്തരം പദ്ധതികൾ. അടങ്കൽ തുകയ്ക്കുള്ളിൽ പൂർത്തിയായ ഒരു പദ്ധതിപോലും ചൂണ്ടിക്കാട്ടാനില്ല എന്നതാണ് അവസ്ഥ. പദ്ധതികൾ എങ്ങനെ പൂർത്തിയാക്കാമെന്നതല്ല, എങ്ങനെയെല്ലാം വൈകിപ്പിക്കാമെന്നതാണ് പ്രധാന നോട്ടം. നടത്തിപ്പ് എത്രയധികം വൈകുന്നുവോ നിർമ്മാണ ചെലവും അത്രയധികം വർദ്ധിച്ചുകൊണ്ടിരിക്കും. അതിന്റെ നേട്ടം ഉദ്യോഗസ്ഥന്മാർക്കും കരാറുകാർക്കും ബന്ധപ്പെട്ട മറ്റു വിഭാഗങ്ങൾക്കുമെല്ലാം കിട്ടിക്കൊണ്ടിരിക്കും. മലകൾ തുരന്ന് കിലോമീറ്റർ ദൈർഘ്യത്തിൽ തുരങ്കപ്പാതകളും ആർത്തലയ്ക്കുന്ന കടലിനു മുകളിലൂടെ ദീർഘമായ പാലങ്ങളും ദിവസേന പത്തുപതിനഞ്ചു കിലോമീറ്റർ എന്ന തോതിൽ പുതിയ ഹൈവേകളും നിർമ്മിച്ച് വിസ്മയങ്ങൾ തീർക്കുന്ന ഇക്കാലത്ത് ജലസേചനാവശ്യങ്ങൾക്ക് വേണ്ടിയുള്ള ചെറുകിട സംഭരണികളും അനുബന്ധ കനാലുകളും നിർമ്മിക്കുകയെന്നത് അത്ര ഭാരിച്ച കാര്യമൊന്നുമല്ല. മുപ്പതും നാല്പതും വർഷമെടുത്തിട്ടും അവ പൂർത്തിയാക്കാൻ കഴിയുന്നില്ലെന്നതാണ് അതിശയകരമായ കാര്യം. എന്തുകൊണ്ടാണ് ഇങ്ങനെയൊക്കെ സംഭവിച്ചത് എന്ന് അന്വേഷിക്കാൻ പോലും ആരും ഇതുവരെ ഉണ്ടായില്ലെന്നതാണ് അതിനെക്കാൾ വലിയ അതിശയം. ഖജനാവിനെ മുടിക്കുന്ന ഈ ജല പദ്ധതികൾക്ക് ഇനി ആയുസ് നീട്ടിക്കൊടുക്കേണ്ടതില്ലെന്ന് തീരുമാനമെടുത്തത് ധീരമായ നടപടി തന്നെയാണ്. പദ്ധതികളുടെ കൈകാര്യകർതൃത്വം വഹിച്ചുപോന്നവരുടെ സ്വത്തു വിവരം കൂടി പരിശോധിക്കുന്നത് നന്നായിരിക്കും.

ഇനി വായുവും വാങ്ങേണ്ടി വരുമോ?

ഇന്ന് അന്താരാഷ്ട്ര വനദിനം

നമ്മൾ കാടുകൾ പുനഃസൃഷ്ടിച്ചേ മതിയാവൂ. വെള്ളം വില കൊടുത്തു വാങ്ങാൻ തുടങ്ങി. ഇനി വായുവും കൂടി അങ്ങനെ വാങ്ങേണ്ടി വരുമോ? ചിന്തിക്കേണ്ട കാര്യമാണ്. പ്രവർത്തിക്കേണ്ട കാര്യമാണ്. ഇന്ന് മുതൽ തന്നെ.



രഹാന ഹബീബ്

പച്ചപ്പട്ടിൻ ചേലചുറ്റി...കാന്തല്ലൂർ കാടുകൾ. ഫോട്ടോ- എൻ.ആർ.സുധർമ്മദാസ്

വീണ്ടും ഒരു അന്താരാഷ്ട്ര വനദിനം കൂടി. വനദിനം എന്നത്കൊണ്ട് ഉദ്ദേശിക്കുന്നത് എന്താണ് എന്ന് ചോദിച്ചാൽ വനങ്ങളെ സംബന്ധിച്ചുള്ള എല്ലാ കാര്യങ്ങളും വീണ്ടും വീണ്ടും ആവർത്തിച്ച് ഉറപ്പിക്കുകയും പ്രവർത്തിക്കുകയും ചെയ്യുക എന്നതാണ്. എല്ലാ വർഷവും ഏതാണ്ട് 13 മില്യൺ ഹെക്ടറോളം വനനശീകരണം ഉണ്ടാവും എന്നാണ് യു.എൻ കണക്കെടുപ്പിൽ തെളിഞ്ഞത്. കാലാവസ്ഥാ വ്യതിയാനം, ആഗോള താപനം, വനനശീകരണം, ഇതെല്ലാം ഭൂമിയെ ഒന്നിന് പിറകെ ഒന്നായി കാർന്നുതിന്നുന്ന കാൻസർ ആയി മാറുമ്പോൾ പരിഹാരം മനുഷ്യൻ കണ്ടുപിടിച്ചേ മതിയാവൂ. അതിൽ ഏറ്റവും പ്രാധാന്യം വനസംരക്ഷണത്തിന് തന്നെ. കാരണം വനങ്ങളിൽ നിന്ന് വേണം നമുക്കു വായുവും ജലവും മണ്ണും ഒക്കെ കിട്ടാൻ. ഇതെല്ലാം തിരിച്ചറിഞ്ഞാണ് യുണൈറ്റഡ് നേഷൻസ് ജനറൽ അസംബ്ലി 2012 നവംബർ 28ന് വനങ്ങൾക്കായി ഒരു ദിവസം എന്ന നിയമം പാസാക്കി ഇങ്ങനെ ഒരു ദിവസത്തിന്റെ പ്രാധാന്യം ലോകത്തെ അറിയിച്ചത്. അതു പ്രകാരം എല്ലാ വർഷവും മാർച്ച് 21 ന് ലോക വനദിനമായി ആചരിക്കുന്നു.

ലോകത്തിൽ ഏറ്റവും കൂടുതൽ വനമേഖലയുള്ള ഒരു രാഷ്ട്രമാണ് ഇന്ത്യ. അതിൽ തന്നെ നമ്മുടെ സംസ്ഥാനം മുൻപന്തിയിലുമാണ്. കേരളത്തിനും ഈ മേഖലയിൽ ഒരുപാട് കാര്യങ്ങൾ വീണ്ടും ചെയ്യാനുണ്ട്. പ്രത്യേകിച്ചും കേരളം കണ്ടതിൽ വച്ച് ഏറ്റവും കൂടുതൽ വരൾച്ച കാലഘട്ടമായ ഈ 2017 ൽ ഏതാണ്ട് പത്തോളം ജില്ലകളിലെ വനമേഖലയിൽ ഇത്തവണ കാട്ടുതീ ഉണ്ടായി. വരൾച്ചയോടൊപ്പം കാട്ടുതീയും ചൂടിന്റെ ആക്കം കൂട്ടുമെന്നും ജലാശയങ്ങൾ എല്ലാം വറ്റി വരണ്ടു പോകുമെന്നും പ്രത്യേകിച്ച് പറയേണ്ട കാര്യമില്ലല്ലോ. പുൽമേടുകളും വരണ്ട കാടുകളും വേനൽക്കാലത്തു കത്തുക പതിവാണ്. അത് പ്രകൃതിയുടെ ഒരു പ്രതിഭാസവുമാണ്, സുനാമിയും കൊടുങ്കാറ്റും പേമാരിയും ഒക്കെ പോലെ. കാട്ടുമുളകൾ ഉരഞ്ഞോ, ഇടി മിന്നലിലോ ഒക്കെ ഒരു തീപ്പൊരി പാറി വീണാൽ മതി അത് വൻ കാട്ടുതീയായി മാറാൻ. പുൽമേട്ടുകൾ കത്തിയാൽ മാത്രമേ പുതിയ പുൽനാമ്പുകൾ കിളിർക്കുകയുള്ളൂ. പക്ഷേ കാട്ടുതീ വൻ മരങ്ങളുള്ള കാടു നശിപ്പിച്ചാൽ അത് വീണ്ടും ഉയിർത്തെഴുന്നേറ്റു വരാൻ വർഷങ്ങൾ എടുക്കും. ദിനംപ്രതി ചൂട് കൂടിക്കൊണ്ടിരിക്കുന്ന ഈ അവസരത്തിൽ ഏക്കറോളം വനമേഖല കത്തി നശിച്ചു പോകുന്നത് കണ്ടു നിൽക്കാൻ നമുക്ക് പറ്റില്ല എന്ന് സാരം. ഇത് മുൻകൂട്ടി മനസിലാക്കിയാണ് നമ്മുടെ വനം വകുപ്പ് എല്ലാ വർഷവും വേനൽക്കാലം തുടങ്ങുമ്പോൾ തന്നെ ഫയർ ലൈൻ എന്ന പ്രതിരോധമാർഗം സ്വീകരിക്കുന്നത്. ഇത് കാടിന്റെ അതിർത്തിയിലാണ് ചെയ്യുന്നത്. അതു കാരണം കാടിനകത്തേക്ക് തീ പടരുന്നത് തടയാൻ പറ്റുന്നു. പക്ഷേ വ്യാപകമായി കാട്ടുതീ പടർന്നാൽ അതിനെ പ്രതിരോധിക്കാനുള്ള നമ്മുടെ സംവിധാനങ്ങൾ അപര്യാപ്തമാണ്. മറ്റു രാജ്യങ്ങളിൽ ഹെലികോപ്റ്ററിൽ അഗ്നിശമന വാതകങ്ങൾ വർഷിക്കുമ്പോൾ ജീവൻ പണയംവച്ച് കാട്ടിൽ കയറി പച്ചില തുറപ്പകൾ കൊണ്ട് കാട്ടുതീ അടിച്ചു കെടുത്തുകയാണ് നിലവിൽ നമ്മൾ ചെയ്യുന്നത്. അതും ഫയർ പ്രൂഫ് ജാക്കറ്റോ മറ്റു സുരക്ഷാ സംവിധാനങ്ങളോ ലൈഫ് ഇൻഷ്വറൻസോ പോലും ഇല്ലാതെ.

ഈ വർഷം സംസ്ഥാന വനം വകുപ്പിന്റെ ഫയർ മോണിറ്ററിംഗ് സെൽ കാട്ടുതീ കണ്ടുപിടിക്കാൻ ഉപഗ്രഹങ്ങളുടെ സഹായം സ്വീകരിച്ചു. കൂടാതെ വ്യോമസേനയുടെ ഹെലികോപ്റ്ററുകൾ ഫയർ ബക്കറ്റുകൾ ഉപയോഗിച്ച് തീ കെടുത്താൻ ശ്രമിക്കുകയും ചെയ്തു. സ്ഥലവാസികളെയും ആദിവാസികളെയും ചേർത്ത് ഒരു ഫയർ ബ്രിഗേഡ് സെല്ലിനു രൂപം കൊടുക്കണം. കാട്ടുതീയുടെ മുൻകരുതലുകളെപ്പറ്റിയും പ്രതിരോധങ്ങളെപ്പറ്റിയും വർഷം മുഴുവൻ നീണ്ടു നിൽക്കുന്ന പരിപാടികൾക്ക് രൂപം കൊടുക്കുന്നത് അടുത്ത വർഷം നമുക്ക് ഇത്രത്തോളം വനനശീകരണം ഇല്ലാതാക്കാൻ ഉപകരിക്കും.

ഓരോ ദിവസവും കൂടിക്കൊണ്ടിരിക്കുന്ന ചൂടും കാലാവസ്ഥാ വ്യതിയാനവും വീണ്ടും വീണ്ടും നമ്മളെ ഓർമിപ്പിക്കുന്നത് ഭൂമിയുടെ ശ്വാസകോശങ്ങളായ വനങ്ങളെ എത്രയും നന്നായി നിലനിറുത്താൻ പറ്റുമോ അത്രയും നന്നായി നിലനിറുത്തണം എന്ന് തന്നെയാണ്. കഴിയുമെങ്കിൽ തേക്ക് തോട്ടങ്ങളായി മാറിയ നമ്മുടെ സ്വാഭാവിക വനങ്ങളെ പുനരുജ്ജീവിപ്പിക്കാൻ കഴിഞ്ഞാൽ നമുക്ക് കുറെ കാര്യങ്ങൾ പ്രകൃതിക്ക് വേണ്ടി ചെയ്തു എന്ന് സമാധാനിക്കാം. കാടിനുള്ളിൽ നീരുറവകളുടെ ഒഴുക്ക് തടയാതെ തടയണകൾ സൃഷ്ടിച്ചു ജലാംശം കൂട്ടി കാട് വരണ്ടുണങ്ങാതെ നോക്കുകയും വേണം. മരങ്ങൾ നിറഞ്ഞാൽ ഭൂഗർഭ ജല നിരപ്പുയരും. ഭൂമിയുടെ അന്തരീക്ഷോഷ്മാവ് കുറയുകയും ചെയ്യും. പക്ഷേ അതിനു നമ്മൾ കാടുകൾ പുനഃസൃഷ്ടിച്ചേ മതിയാവൂ. വെള്ളം നമ്മൾ വില കൊടുത്തു വാങ്ങാൻ തുടങ്ങി. ഇനി വായുവും കൂടി അങ്ങനെ വാങ്ങേണ്ടി വരുമോ. ചിന്തിക്കേണ്ട കാര്യമാണ്. പ്രവർത്തിക്കേണ്ട കാര്യമാണ്. ഇന്ന് മുതൽ തന്നെ.

ദലൈലാമയുടെ പേരിൽ ഒരു നിഴൽയുദ്ധം

പി.എസ്.ശ്രീകുമാർ

ദലൈലാമയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ പ്രഖ്യാപിതനയത്തിൽനിന്നും വ്യതിചലിക്കാൻ കേന്ദ്ര സർക്കാരിനു സാധിക്കില്ല. അതുകൊണ്ടുതന്നെ വാക്പോരിനപ്പുറത്തേയ്ക്കു ചൈന പോകുവാനുള്ള സാദ്ധ്യത വിരളമാണ്.

ബുദ്ധമതാചാര്യനായ ദലൈലാമ ഏപ്രിൽ 4 മുതൽ പ്രഖ്യാപിച്ചിട്ടുള്ള തവാങ്ങിലേക്കുള്ള സന്ദർശനം അനുവദിക്കരുതെന്ന് ഇന്ത്യയ്ക്ക് ചൈന മുന്നറിയിപ്പുനൽകിയിരിക്കുന്നു. വടക്കു കിഴക്കൻ സംസ്ഥാനമായ അരുണാചൽപ്രദേശിന്റെ ഭാഗവും ബുദ്ധമതകേന്ദ്രവുമായ തവാങ്ങിൽ ദലൈലാമയെ പ്രവേശിപ്പിക്കരുതെന്നാണ് ചൈനയുടെ ആവശ്യം. ചൈനയുടെ ആവശ്യം അവഗണിച്ചുകൊണ്ട്, ദലൈലാമയെ തവാങ് സന്ദർശിക്കാൻ അനുവദിച്ചാൽ, അത് ഇന്ത്യാ - ചൈനാ ബന്ധങ്ങളെ കൂടുതൽ വഷളാക്കുമെന്നും അവർ മുന്നറിയിപ്പു നൽകുന്നു. ഇന്ത്യയിലെ അമേരിക്കൻ സ്ഥാനപതിയായിരുന്ന റിച്ചാർഡ് വർമ, കഴിഞ്ഞ വർഷം തവാങ് സന്ദർശിച്ചപ്പോഴും ഇതുപോലെ ചൈന മുന്നറിയിപ്പു നൽകുകയും പ്രതിഷേധക്കുറിപ്പ് കൈമാറുകയും ചെയ്തു. 2016 ഒക്ടോബറിൽ തവാങ്ങിൽ നടന്ന തവാങ് വാർഷിക ഉത്സവത്തിൽ പങ്കെടുക്കാനായിരുന്നു അമേരിക്കൻ സ്ഥാനപതി തവാങ് സന്ദർശിച്ചത്. ഇന്ത്യയുടെ അവിഭാജ്യഘടകമായ ഒരു ഭൂപ്രദേശത്ത് സന്ദർശനം നടത്താൻ ആർക്കെങ്കിലും അനുവാദം നൽകുന്നത്, പരമാധികാരരാജ്യമായ ഇന്ത്യയുടെ അവകാശവും അധികാരവുമാണെന്നും അതിൽ ഇടപെടാൻ മറ്റൊരു രാജ്യത്തിനും അവകാശമില്ലെന്നുമുള്ള നിലപാടാണ് വിദേശകാര്യ മന്ത്രാലയവും കേന്ദ്ര സർക്കാരും സ്വീകരിച്ചിട്ടുള്ളത്.

തവാങ് സന്യാസിമഠത്തിന്റെ പ്രാധാന്യം

ബുദ്ധമതവിശ്വാസികളെ സംബന്ധിച്ച് തവാങ്ങിനുള്ള പ്രാധാന്യം അവിടത്തെ സന്യാസിമഠമാണ്. 336 വർഷത്തെ പഴക്കമുള്ളതാണ് ഈ മഠം. ദലൈലാമയുടെ ആസ്ഥാനമായ തിബറ്റിലെ ലാസയിലുള്ള പൊതാലാ കൊട്ടാരം കഴിഞ്ഞാൽ തിബറ്റൻ ബുദ്ധമത വിശ്വാസികളുടെ ഏറ്റവും വലിയ സന്യാസിമഠമാണ് തവാങ്ങിലേത്. മാത്രമല്ല, ദലൈലാമ ശ്രേണിയിലെ അഞ്ചാമത്തെ ദലൈലാമയുടെ ജനനം കൊണ്ട് പരിപാവനമായതാണ് തവാങ് ആശ്രമമെന്നും ലോകമെമ്പാടുമുള്ള ബുദ്ധമത വിശ്വാസികൾ കരുതുന്നു. തവാങ് സന്യാസിമഠത്തിന്റെ മറ്റൊരു പ്രാധാന്യം ചൈന തിബറ്റ് ആക്രമിച്ച് കൈയടക്കിയപ്പോൾ, അവിടെ നിന്ന് പലായനം ചെയ്ത, ഇപ്പോഴത്തെ 14-ാം ദലൈലാമയ്ക്ക് അഭയം നൽകിയത് തവാങ് സന്യാസിമഠമായിരുന്നു എന്നതാണ്. ദലൈലാമയുടെ സന്ദർശനത്തെ ചൈന എതിർക്കുന്നതിന്റെ ഒരു കാരണം തവാങ് ഉൾപ്പെട്ട അരുണാചൽപ്രദേശിലെ ജനങ്ങളുടെ ജീവിതരീതിയും ആചാരാനുഷ്ഠാനങ്ങളും തിബറ്റൻ രീതിയിലാണെന്നും അതിനാൽ ഈ പ്രദേശം 'തെക്കൻ തിബറ്റിന്റെ ഭാഗമാണെന്നുമുള്ള' വിശ്വാസത്തിന്റെ അടിസ്ഥാനത്തിലാണ്. 2006ൽ ചൈനയുടെ അംബാസഡർ, അരുണാചൽപ്രദേശ് മുഴുവൻ ചൈനയ്ക്ക് 'അവകാശപ്പെട്ടതാണെന്ന്' പ്രസ്താവന ഇറക്കിയിരുന്നു. ചൈനീസ് അംബാസഡറുടെ ഈ പ്രസ്താവനയ്ക്കെതിരെ അന്നുതന്നെ കേന്ദ്രസർക്കാർ പ്രതിഷേധിക്കുകയും ചൈനീസ് ഭരണകൂടത്തെ ഇക്കാര്യം അറിയിക്കുകയും ചെയ്തു. തിബറ്റ് ഒരു സ്വതന്ത്രരാജ്യമായിരുന്ന 1914ൽ അന്നത്തെ ബ്രിട്ടീഷ്-ഇന്ത്യാ സർക്കാരും തിബറ്റൻ പ്രതിനിധികളുമായി, സിംലയിൽ വച്ചു നടത്തിയ അതിർത്തി നിർണയ ചർച്ചയിൽ തവാങ് ഉൾപ്പെട്ട ഭൂപ്രദേശങ്ങൾ ബ്രിട്ടീഷ്-ഇന്ത്യയുടെ ഭാഗമാണെന്ന് അംഗീകരിച്ച് ഉടമ്പടി ഉണ്ടാക്കിയതാണ്. അന്നോ, അതിനുശേഷം തിബറ്റ് കൈയടക്കിയപ്പോഴോ ഒന്നും ഇക്കാര്യത്തിൽ ചൈന തർക്കമുന്നയിച്ചില്ല. 1962ൽ ഇന്ത്യയ്ക്കെതിരെ, ചൈന ഏകപക്ഷീയമായി യുദ്ധം പ്രഖ്യാപിക്കുകയും അരുണാചൽ പ്രദേശിന്റെ ഒട്ടേറെ ഭാഗങ്ങൾ കൈയേറുകയും ചെയ്തു. യുദ്ധം തീർന്നപ്പോൾ, തവാങ് ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽനിന്നും ചൈനയുടെ സൈന്യം പിൻവാങ്ങുകയും മക്മോഹൻ രേഖയ്ക്കു വടക്കു വശത്ത് നിലയുറപ്പിക്കുകയും ചെയ്തു. ചൈനയുടെ സൈനികർ കൈയേറി സ്ഥാപിച്ച ബങ്കറുകൾ ഇന്നും തവാങ്ങിന്റെ പലഭാഗങ്ങളിലും കാണാൻ സാധിക്കും. അന്നത്തെ യുദ്ധത്തിൽ അരുണാചൽ പ്രദേശിനു പുറമേ, ജമ്മു കാശ്മീരിന്റെ ഭാഗമായ ലഡാക്കിലും ചൈന ഇതുപോലെ കൈയേറ്റം നടത്തിയിരുന്നു. എന്നാൽ യുദ്ധം തീർന്നതിനുശേഷവും ലഡാക്കിന്റെ ഒട്ടേറെ ഭാഗങ്ങൾ ഇന്നും ചൈന അനധികൃതമായി കൈവശം വച്ചിരിക്കുകയാണ്. എൺപതുകൾക്കുശേഷമാണ് അരുണാചൽപ്രദേശിന്റെ ഭാഗങ്ങളിൽ അവകാശമുന്നയിച്ചുകൊണ്ട് ചൈന രംഗത്തു വരുന്നത്. അതിനുശേഷം, ഈ സംസ്ഥാനത്തുനിന്നുമുള്ള ഇന്ത്യൻ പൗരന്മാർക്ക് ഇന്ത്യൻ പാസ്പോർട്ട് ഉപയോഗിച്ച് ചൈനയിൽ സന്ദർശനം നടത്തുവാനും ചൈന അനുവാദം നൽകുന്നില്ല.

ദലൈലാമയോടുള്ള എതിർപ്പ്

ചൈനയുടെ ഏറ്റവും പ്രധാന എതിർപ്പ് ദലൈലാമയോടാണ്. ഒരു സ്വതന്ത്ര രാജ്യമായിരുന്ന തിബറ്റ് കൈയടക്കാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ 1950ൽ ചൈന തങ്ങളുടെ സൈന്യത്തെ തിബറ്റിലേക്കയച്ചു. തിബറ്റിലെ സാധാരണക്കാരെയും കർഷകരെയും ബൂർഷ്വാസികളിൽനിന്നും മോചിപ്പിക്കാനെന്ന പേരിലാണ് ആദ്യം എത്തിയത്. പിന്നീട് ഓരോ പ്രദേശങ്ങളായി അവർ അധികാരം കൈയടക്കി. 1959ൽ തിബറ്റൻ ജനതയുടെ ആത്മീയനേതാവും ഭരണകർത്താവുമായ ദലൈലാമയെ തടങ്കലിലാക്കാൻ ആസൂത്രണം ചെയ്തപ്പോൾ അദ്ദേഹത്തെ സംരക്ഷിക്കാൻ ആയിരക്കണക്കിന് തിബറ്റുകാർ അദ്ദേഹത്തിന്റെ ഉഷ്ണകാലവസതിയായ നോർബുലിംഗ കൊട്ടാരത്തിനു ചുറ്റും സംരക്ഷണ വലയം സൃഷ്ടിച്ചു. എന്നാൽ ചൈനീസ് സൈന്യം ജനങ്ങൾക്ക് നേരെ പീരങ്കി ഷെല്ലുകൾ പ്രയോഗിച്ച് ജനക്കൂട്ടത്തെ ഇല്ലാതാക്കാൻ ശ്രമിച്ചു. ഒടുവിൽ, ചൈനീസ് പ്രധാനമന്ത്രി ചൗ എൻ ലായ് ഒരു റേഡിയോ പ്രക്ഷേപണത്തിലൂടെ തിബറ്റിനെ മോചിപ്പിച്ച് ചൈനയുടെ ഭാഗമായി പ്രഖ്യാപിച്ചു. താൻ ചൈനയുടെ പിടിയിലാകുമെന്നു മനസിലാക്കിയ ദലൈലാമ, വേഷ പ്രച്ഛന്നനായി കൊട്ടാരത്തിനു വെളിയിൽ കടന്ന് ഇന്ത്യയിലേക്ക് യാത്രതിരിച്ചു. ചെറുത്തു നില്ക്കാൻ തിബറ്റുകാർ ശ്രമിച്ചെങ്കിലും വെടിക്കോപ്പുകളുൾപ്പെടെയുള്ള ആധുനിക ആയുധങ്ങളുടെ അഭാവത്തിൽ, അവർ പരാജിതരായി. അഭയാർത്ഥിയായി ഇന്ത്യയിലെത്തിയ ദലൈലാമയ്ക്കും സംഘത്തിനും ജവഹർലാൽ നെഹ്റു മനുഷ്യത്വത്തിന്റെ പേരിൽ അഭയം നൽകി.

തിബറ്റൻ സർക്കാരിന്റെ തലവനായി ദലൈലാമയെ അംഗീകരിക്കുകയും ഹിമാചൽ പ്രദേശിലെ ധർമ്മശാലയിൽ അവർക്ക് അഭയം നൽകുകയും ചെയ്തു. ചൈനയെ അലോസരപ്പെടുത്തിയ ഈ നടപടിയാണ് ഇന്ത്യയ്ക്കെതിരെ ചൈനയെ തിരിച്ചത്. ഭരണാധിപനെന്ന തന്റെ സ്ഥാനം ദലൈലാമ ഉപേക്ഷിക്കുകയും ധർമ്മശാലയിൽ ഒളിവിലുള്ള പാർലമെന്റിനും സർക്കാരിനും അവ നൽകുകയും ചെയ്തു. എന്നാൽ, ദലൈലാമയെ ഉൾക്കൊള്ളാൻ ചൈന തയ്യാറല്ല. ബുദ്ധമതവിശ്വാസികളായ തിബറ്റൻ ജനതയ്ക്കുമേൽ ആത്മീയസ്വാധീനമുള്ള ദലൈലാമയുടെ തവാങ്ങിലേക്കുള്ള സന്ദർശനത്തെ ചൈന എതിർക്കുന്നതിന്റെ അടിസ്ഥാനകാരണമിതാണ്. ദലൈലാമയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ പ്രഖ്യാപിതനയത്തിൽനിന്നും വ്യതിചലിക്കാൻ കേന്ദ്രസർക്കാരിനു സാധിക്കില്ല. അതുകൊണ്ടുതന്നെ വാക്പോരിനപ്പുറത്തേയ്ക്കു ചൈന പോകുവാനുള്ള സാദ്ധ്യത വിരളമാണ്.

(ലേഖകന്റെ ഫോൺ: 98471 73177)

വായനക്കാർ പറയുന്നു

www.keralakaumudi.com/letters

കുടിവെള്ളത്തിന് മുൻഗണന നൽകാത്ത പഞ്ചായത്തുകളെ പ്രോസിക്യൂട്ട് ചെയ്യണം

"ലോക ജനസംഖ്യയിൽ നൂറിൽ ഒരാൾക്ക് ശുദ്ധജലലഭ്യതയില്ല. ലോകത്തിൽ ഒരു ദിവസം ഇരുപതിനായിരം കുഞ്ഞുങ്ങൾ ജലജന്യരോഗങ്ങളാൽ മരിക്കുന്നു. ലോകജനസംഖ്യയിൽ 20 ലക്ഷം ജനങ്ങൾ ശുദ്ധജലം ലഭിക്കാതെ മരിക്കുന്നു. ഇത് യുദ്ധം മൂലം സംഭവിക്കുന്ന മരണത്തെക്കാൾ 20 മടങ്ങ് കൂടുതലാണ്. ശുദ്ധജല ലഭ്യതയില്ലാത്ത ആൾക്കാർ ലോകത്തിൽ 46 കോടിയോളം വരും. 2025മാണ്ടോട് കൂടി ലോകത്തിൽ 48 രാജ്യങ്ങളിൽ ജീവിക്കുന്ന 280 കോടി ജനങ്ങൾക്ക് ശുദ്ധജലക്ഷാമം അനുഭവപ്പെട്ടേക്കാം." ഇത് ലോകാരോഗ്യ സംഘടനയുടെ കണക്കാണ്.

സംസ്ഥാനത്ത് 60 ശതമാനം മഴ കുറവായതിനാൽ കുടിനീർ ക്ഷാമം രൂക്ഷമാകുമെന്ന് മുന്നറിയിപ്പുകൾ ഉണ്ടായിരുന്നിട്ടും ഗ്രാമപഞ്ചായത്തുകൾ കുടിനീർക്ഷാമം പരിഹരിക്കാൻ മുൻതൂക്കം നൽകാതെ 2016-17 വർഷത്തിലെ തനതു ഫണ്ട്, ലോകബാങ്ക് സഹായം, കേന്ദ്ര ഫണ്ട് എന്നിവ ഉപയോഗിച്ച് ഓഫീസ് നവീകരണം, പഞ്ചായത്ത് റോഡുകൾ കോൺക്രീറ്റ് ചെയ്യൽ മറ്റ് പലതരത്തിലുള്ള നിർമ്മാണങ്ങൾക്കും മുൻതൂക്കം നൽകിയതിനാൽ ഗ്രാമീണർ ശുദ്ധജലത്തിനു വേണ്ടി നെട്ടോട്ടമോടുകയാണ്. മാത്രവുമല്ല, പല പഞ്ചായത്തുകളും 2016-17 വർഷത്തിൽ കുടിനീർ ക്ഷാമം പരിഹരിക്കുന്നതിനായി പഞ്ചായത്ത് കമ്മിറ്റി പാസാക്കി വാട്ടർ അതോറിട്ടിക്ക് നൽകുകയും വാട്ടർ അതോറിട്ടി എസ്റ്റിമേറ്റ് തയ്യാറാക്കി പഞ്ചായത്തുകൾക്ക് നൽകിയിട്ടും ആവശ്യപ്പെട്ട തുകയ്ക്ക് ഡിഡി എടുത്ത് വാട്ടർ അതോറിട്ടിക്ക് നൽകാൻ പഞ്ചായത്തിൽ ഫണ്ടില്ലെന്ന് പറയുന്ന പഞ്ചായത്ത് ഈ സാമ്പത്തിക വർഷം കോടികളാണ് മറ്റ് മേഖലകളിൽ ചെലവഴിച്ചിരിക്കുന്നത്. കൂടാതെ പ്രകൃതി കനിഞ്ഞു നൽകിയ ചിറകൾ, കുളങ്ങൾ, തോടുകൾ കൈത്തോടുകൾ എന്നിവ മാലിന്യ പൂരിതമാക്കി മാറ്റിയിരിക്കുന്നു. ഇവ വൃത്തിയാക്കി സൂക്ഷിക്കാൻ തയ്യാറാകാതെ നികത്താനാണ് അധികൃതരുടെ അണിയറ ശ്രമം. ഈ രീതി ഭാവിയിൽ വൻ ശുദ്ധജല ദുരന്തത്തിന് കാരണമാകും. ഇത്തരത്തിൽ പ്രവർത്തിക്കുന്ന പഞ്ചായത്തുകളെ അന്വേഷണ വിധേയമാക്കി പ്രോസിക്യൂട്ട് ചെയ്യാനും കർശനമായ നിയമ നടപടി സ്വീകരിക്കാനും തദ്ദേശ സ്വയംഭരണ വകുപ്പ് തയ്യാറാകേണ്ടതാണ്.

തേമ്പാമൂട് സഹദേവൻ,
കൺവീനർ,
ഹ്യൂമൻ റൈറ്റ്സ് പ്രൊട്ടക്ഷൻ
ഫോറം, വെഞ്ഞാറമൂട്

അവാർഡുകൾ പ്രതിഭയ്ക്കുള്ള അംഗീകാരം

കേരളസർക്കാരിന്റെ ചലച്ചിത്ര അവാർഡ് പ്രഖ്യാപിക്കുമ്പോൾ തന്നെ വിവാദവും തുടങ്ങുന്നതാണ് കഴിഞ്ഞകാല ചരിത്രം. എന്നാൽ 2016-ലെ അവാർഡിനെ അഭിനന്ദിച്ചുകൊണ്ടുള്ള സന്ദേശങ്ങളാണ് ചലച്ചിത്ര അക്കാഡമിക്ക് ലഭിച്ചുകൊണ്ടിരിക്കുന്നത്. പുതിയ പ്രതിഭകൾക്കാണ് ഇക്കുറി ഏറെയും അംഗീകാരം ലഭിച്ചത്. 47 വർഷത്തെ ചലച്ചിത്ര പുരസ്കാരത്തിന്റെ ചരിത്രത്തിൽ ആദ്യമായി മികച്ച ചിത്രത്തിനും സംവിധാനത്തിനുമുള്ള പുരസ്കാരം ഒരു വനിതയ്ക്ക് ലഭിച്ചു എന്നുള്ളതും, സിനിമയിലെ മുഖ്യനായകന്മാരല്ലാത്തവരുടെ മികച്ച പ്രകടനങ്ങൾക്കും മികച്ച നടനുള്ള അവാർഡ് കിട്ടും എന്നുള്ള കീഴ്‌വഴക്കത്തിനും ഇവിടെ തുടക്കം കുറിച്ചിരിക്കുകയാണ്. ഞങ്ങളുടെ നിഷ്പക്ഷമായ വിലയിരുത്തലിനെ അംഗീകരിച്ച് ശക്തമായ എഡിറ്റോറിയൽ (09 / 03 / 2017) എഴുതിയത് നവപ്രതിഭകൾക്ക് പ്രചോദനമാകുമെന്ന് ഉറപ്പാണ്. ഇതിന് പ്രത്യേക നന്ദി രേഖപ്പെടുത്തുന്നു. നമ്മുടെ സർക്കാരിനും പ്രത്യേകിച്ച് സാംസ്കാരിക വകുപ്പിനും ലഭിക്കുന്ന ഈ കൈയൊപ്പിന് സന്തോഷവും അഭിമാനവുമുണ്ട്.

മഹേഷ് പഞ്ചു
സെക്രട്ടറി
കേരള സംസ്ഥാന ചലച്ചിത്ര
അക്കാഡമി